**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5668** **18.11.2019**- ൽ മറുപടിയ്ക്ക്

## വി-കെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വി കെയർ പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നറിയിക്കാമോ; | (എ) യും (ബി) യും (സി) യും | 2014-ലാണ് വി കെയർ പദ്ധതി ആരംഭിച്ചത്. സർക്കാരിന്റെ മറ്റ് പദ്ധതികളിൽ ഉൾപ്പെടാത്ത സമൂഹത്തിലെ അശരണരും, നിരാലംബരും, അവഗണിക്കപ്പെട്ടവരും, രോഗാതുരരുമായ വ്യക്തികൾക്ക് സാമ്പത്തിക - ചികിത്സാ - വിദ്യാഭ്യാസ ധനസഹായം, സഹായോപകരണങ്ങൾ, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ 2019 ജൂൺ വരെ വി കെയറിൽ പരിഗണിക്കാവുന്ന 465 അപേക്ഷകളിൽ അർഹരായ 427 പേർക്ക്, അപേക്ഷകളിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് യഥാക്രമം മെഡിക്കൽ/ ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിക്കുകയും ടി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വി കെയറിന്റെ വിവിധ കമ്മിറ്റികളിൽ (ഇംപ്ലിമെന്റേഷൻ/റിവ്യൂ & ഇംപ്ലിമെന്റേഷൻ/എക്സിക്യൂട്ടീവ്/ ഗവേണിംഗ് ബോഡി) പരിഗണിച്ച് മേൽപ്പറഞ്ഞ പ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വി കെയർ പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിൽ ആണെന്ന് അറിയിക്കാമോ; | | |
| (സി) | 2016 ജൂൺ മുതൽ 2019 ജൂൺ വരെ വി കെയർ പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, അവയ്ക്ക് അനുവദിച്ച സഹായങ്ങൾ എന്നിവ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**